# BHADRADEEPA

Eparchy of Bhadravathi

DIOCESAN BULLETIN

Vol. 8, No. 4, December 2014

To serve Thy people

*Hearty Congratulations to*



**Rev. Fr. Thomas (Tino) Vellaramkalayil**

*Ordained for the Diocese of Bhadravathi*
*on 06th November 2014 by*
*His Excellency Mar Joseph Arumachadath*
*at St. Mary's Church, Kuravilangadu*



Happy Christmas
&
Blessed New Year
2015

# ഭദ്രദീപ

## ഭദ്രാവതി രൂപതാബുള്ളറ്റിൻ

Vol. 8, No.4 December, 2014

Edited & Published by Dr. Francis Allumpurath, O. Praem
Bishop's House, St. Joseph's Church, Sagar Road,
Shimoga - 577 204, Karnataka.

Cover Design : Ajai Elavuthinkal

Printed at : Matha Printers, Bangalore
9886809060

*for private circulation only*

Vol. 8, No. 4, December 2014

## ഉള്ളടക്കം

ഇടയലേഖനം – മേജർ ആർച്ചുബിഷപ്.......................................4

സർക്കുലർ – മേജർ ആർച്ചുബിഷപ്.......................................10

രൂപതാകച്ചേരി വാർത്തകൾ.......................................16

മതബോധനം–ബൈബിൾ.......................................23

യുവജനപ്രേഷിതത്വം.......................................25

പാസ്റ്ററൽ കോർഡിനേഷൻ കമ്മിറ്റി.......................................28

Bishop's Diary.......................................30

Bishop's Engagements.......................................32

സമർപ്പിതവർഷം – വാർഡ്പ്രാർത്ഥനാ സഹായി.......................................33

Kannada Section.......................................36

Prot. No. 3033/2014

## ഇടയലേഖനം

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

2014 നവംബർ 30 മുതൽ 2016 ഫെബ്രുവരി 2 വരെയുള്ള കാലഘട്ടത്തെ സമർപ്പിതരുടെ വർഷമായി പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പാ പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ സന്ദർഭത്തിൽ സമർപ്പിതജീവിതത്തെക്കുറിച്ച് ചില ആമുഖചിന്തകൾ സഭാമക്കൾക്ക് നൽകുവാൻ ആഗ്രഹിക്കുകയാണ്. സമർപ്പിതവർഷത്തിൽ നടക്കാനിരിക്കുന്ന പഠനങ്ങൾക്കും വിചിന്തനങ്ങൾക്കും നവീകരണ പരിപാടികൾക്കും ഈ ചിന്തകൾ ഉപകരിക്കുമെന്ന് കരുതട്ടെ.

തിരുസഭയുടെ ആരംഭംമുതലേ സഭയിൽ നിലനിന്നിരുന്ന ഒരു ജീവിതരീതിയാണ് സന്യാസം. ക്രിസ്തീയ സന്യാസം മൗലികമായി സുവിശേഷത്തിലെ ക്രിസ്തുവിനെ അടുത്തനുഗമിക്കലാണ്, അനുകരിക്കലാണ്. സന്യാസജീവിതത്തെ ദൈവം മുൻകൈ എടുത്ത് നടത്തുന്ന ഒരാഹ്വാനത്തിന്റെ പശ്ചാത്തലത്തിലേ മനസ്സിലാക്കാൻ സാധിക്കു. പിതാവായ ദൈവം പരിശുദ്ധാത്മാവിലൂടെ സഭയ്ക്കുനല്കുന്ന ദാനമാണിത് (സമർപ്പിതജീവിതം 1). അന്ത്യ അത്താഴവേളയിൽ ഈശോ ശിഷ്യൻമാരോടു പറഞ്ഞു, നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത് (യോഹ 15:16). അവിടുന്ന് വിളിക്കുന്നത് അവിടുത്തെ അനുഗമിക്കാനാണ്. വിളിക്കപ്പെടുന്നവർ എല്ലാം ഉപേക്ഷിക്കണം എന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. സ്വന്തമെന്ന്, ഏറ്റവും പ്രധാനപ്പെട്ടതെന്ന് മനുഷ്യൻ കരുതുന്നതെല്ലാം ഉപേക്ഷിക്കണമെന്നതാണ്

ശിഷ്യത്വത്തിന്റെ അടിസ്ഥാനമായി ഈശോ പറയുക (ലൂക്ക14:26).

സുവിശേഷോപദേശങ്ങളനുസരിച്ച് കൂടുതൽ സ്വാതന്ത്ര്യത്തോടെ ക്രിസ്തുവിനെ പിൻചെല്ലാനും അവിടുത്തെ അടുത്തനുകരിക്കാനും ജീവിതം പരിപൂർണ്ണമായി സമർപ്പിച്ച സ്ത്രീപുരുഷന്മാർ സഭയുടെ ആദ്യകാലം മുതൽ ജീവിച്ചിരുന്നു. ഏകാന്തവാസം, വനവാസം, ഭിക്ഷുചര്യ, സന്യസ്ഥാശ്രമം, സമർപ്പിത സമൂഹം എന്നിങ്ങനെ പലരീതികളിൽ സന്യാസ ജീവിതം ക്രൈസ്തവസഭകളിൽ നിലനില്ക്കുന്നുണ്ട്. ഇവയിൽ ആശ്രമശൈലിയും സമൂഹശൈലിയുമാണ് ഇന്ന് കൂടുതൽ പ്രാബല്യത്തിലുള്ളത്. ക്രൈസ്തവ സന്യാസവും ഇതരമതങ്ങളിലെ സന്യാസജീവിതശൈലിയും തമ്മിൽ സാധർമ്മ്യങ്ങൾ പലതുണ്ടെങ്കിലും വ്യത്യസ്തതകൾ ഏറെയാണ്. ലോകത്തോടുള്ള വിരക്തി ഹൈന്ദവ–ബുദ്ധമതങ്ങളിലെ സന്യാസത്തിന്റെ പ്രധാന സവിശേഷതയാണ്. 20–ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധംവരെ ലൗകിക സുഖസന്തോഷങ്ങളോടുള്ള വിരക്തിയായിരുന്നു ക്രൈസ്തവസന്യാസത്തിന്റെയും ഊന്നൽ. ക്രിസ്തുവിനെ അടുത്തനുകരിക്കുന്നവർക്ക് ലൗകിക സുഖങ്ങളിൽ മുഴുകി ജീവിക്കുക സാദ്ധ്യമല്ല എന്ന ബോദ്ധ്യമാണ് ഈ ചിന്തയ്ക്കു പിന്നിലുള്ളത്. പിന്നീട് സന്യാസസമർപ്പണത്തിന്റെ സുവിശേഷാനുസൃത സ്വഭാവം തേടിയുള്ള നവീകരണ പരിശ്രമങ്ങളുടെ ഫലമായി സുഖസന്തോഷങ്ങളോടുള്ള വിരക്തിയോടൊപ്പം ദൈവത്തോടും ദൈവരാജ്യത്തോടുമുള്ള അർപ്പണത്തിനും ക്രൈസ്തവ സന്യാസം കൂടുതൽ പ്രാധാന്യം നല്കിത്തുടങ്ങി. ദൈവഹിതമനുസരിച്ചുള്ള ജീവിതത്തിന്റെ ഒരു തീവ്രമായ ശൈലിയായി ഇന്ന് ക്രൈസ്തവ സന്യാസ സമർപ്പണം വിവക്ഷിക്കപ്പെടുന്നു.

ക്രിസ്തുവാണ് സന്യാസസമർപ്പണജീവിതത്തിൽ സമർപ്പിതർക്ക് മാതൃക. അവിടുന്ന് ഭക്ഷിക്കുന്നവനും പാനംചെയ്യുന്നവനുമായി വന്നു. എന്നാൽ ദരിദ്രനായി ജീവിക്കുകയും ദരിദ്രരോട് സഹവസിക്കുകയും ചെയ്തു. അവിടുന്ന് പിതാവിന്റെ ഹിതം നിർവ്വഹിക്കുന്നതിനുവേണ്ടി തന്നെത്തന്നെ പൂർണ്ണമായി സമർപ്പിക്കുകയും ബ്രഹ്മചാരിയായി ജീവിക്കുകയും ചെയ്തു. ദൈവഹിതത്തോടുള്ള പൂർണ്ണ വിധേയത്വത്തിലായിരുന്നു ക്രിസ്തുവിന്റെ ജീവിതം. ഇപ്രകാരം അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ സുകൃതങ്ങൾ വ്രതമായി സ്വീകരിച്ച് ആശ്രമങ്ങളിലോ

സന്യാസ ഭവനങ്ങളിലോ ജീവിക്കുന്നവരെയാണ് ക്രൈസ്തവ സഭ വിശേഷിച്ചും കത്തോലിക്കാസഭ സന്യസ്തരെന്ന് വിളിക്കുന്നത്. സമർപ്പിത ജീവിതക്കാരെന്നും അവർ വിശേഷിപ്പിക്കപ്പെടുന്നു. മലമുകളിൽ പ്രാർത്ഥിക്കുകയും ജനങ്ങളോടു ദൈവരാജ്യം പ്രസംഗിക്കുകയും പാപികളെ നേർവഴിക്കു തിരിക്കുകയും ശിശുക്കളെ അനുഗ്രഹിക്കുകയും എല്ലാവർക്കും നന്മചെയ്യുകയും തന്നെ അയച്ച പിതാവിന്റെ അഭീഷ്ടം നിറവേറ്റുകയും ചെയ്ത ക്രിസ്തുശൈലിയാകണം സന്യസ്തരുടേതെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ഓർമ്മിപ്പിക്കുന്നു (തിരുസഭ 46).

സമർപ്പിത ജിവിതക്കാരായ ഓരോ സന്ന്യാസസമൂഹത്തിനും അതിന്റേതായ സവിശേഷവരം (Charism) ഉണ്ടായിരിക്കും. ഓരോ സമൂഹത്തിന്റെയും സ്ഥാപകരാണ് ഈ കാരിസം കണ്ടെത്തുന്നത്. അനുയായികൾ അതു സ്വീകരിച്ച് ജീവിക്കുകയും ചെയ്യുന്നു. എല്ലാ സന്യാസസമൂഹങ്ങളുടെയും കാരിസങ്ങൾ ക്രിസ്തു പ്രസംഗിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്ത സുവിശേഷമൂല്യങ്ങളിൽ അധിഷ്ഠിതമായിരിക്കും. സുവിശേഷ പ്രഘോഷണം, വിശ്വാസപരിശീലനം, കാരുണ്യപ്രവർത്തനം, കുടുംബപ്രേഷിതത്വം, വിദ്യാഭ്യാസം, ആതുരശുശ്രൂഷ, അനാഥരുടെ സംരക്ഷണം ഇങ്ങനെയുള്ള സവിശേഷവരങ്ങളിൽ ഏതെങ്കിലും ഒന്നോ രണ്ടോ കാരിസമായി സ്വീകരിച്ച് ജീവിക്കുന്ന അനേകം സമർപ്പിതരുടെ സമൂഹങ്ങൾ സഭയിൽ പ്രവർത്തനനിരതമാണ്. പ്രസ്തുത പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനു വേണ്ടിയുള്ള സ്ഥാപനങ്ങളും ഈ സന്യാസസമൂഹങ്ങൾ നടത്തിവരുന്നു. സന്യാസസമൂഹങ്ങളുടെ പ്രവർത്തനങ്ങളിലൂടെയാണ് സഭയുടെ സ്നേഹസാക്ഷ്യം വളരെയേറെ പ്രാവർത്തികമാകുന്നത്. സഭയിൽ സുവിശേഷമുല്യങ്ങൾ ശോഷണമില്ലാതെ സജീവമാക്കി നിലനിർത്തുന്ന വലിയ സാക്ഷ്യങ്ങൾ സമർപ്പിതർ നല്കുന്നതിനാലാണ് സഭയിൽ സമർപ്പിതർക്ക് സവിശേഷമായ സ്ഥാനമുണ്ട് എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത് (തിരുസഭ 43, സന്യാസജീവിതം 1).

വൈദികരുടേതായ സമർപ്പിത സമൂഹങ്ങളുണ്ട്; ബ്രഹ്മചാരികളായ അവൈദികരുടെ സന്യാസസമൂഹങ്ങളുണ്ട്; സ്ത്രീകളുടെ സമർപ്പിത

സമൂഹങ്ങളുമുണ്ട്. ഏകസ്ഥരും പ്രേഷിതപ്രവർത്തനങ്ങൾ നിർവ്വഹിച്ചുകൊണ്ട് ബ്രഹ്മചര്യജീവിതം നയിക്കുന്ന പുരുഷന്മാരുടെയും സ്ത്രീകളുടേതുമായ ജീവിതാന്തസ്സുകളും കത്തോലിക്കാ സഭയിലുണ്ട്. ഇങ്ങനെയുള്ളവർ ചില സന്ദർഭങ്ങളിൽ ഒന്നിച്ചുകൂടി തങ്ങളുടെ സമർപ്പിതജീവിതത്തെ നവീകരിക്കാനുള്ള കർമ്മപരിപാടികളിൽ ഏർപ്പെടുന്നു. എല്ലാ സമർപ്പിതരുടെയും ജീവിതലക്ഷ്യം ദൈവത്തിന്റെ മഹത്വവും തങ്ങളുടെതന്നെ വിശുദ്ധീകരണവും ദൈവരാജ്യത്തിന്റെ വളർച്ചയും സകലജനങ്ങളുടെയും സുസ്ഥിതിയുമാണ്.

സന്യാസജീവിതത്തിന്റെ ആരംഭത്തിൽ വൈദികശുശ്രൂഷ ഒരു ആവശ്യഘടകമായി കരുതപ്പെട്ടിരുന്നില്ല. ഇന്നും സന്യാസത്തിന് പൗരോഹിത്യം ആവശ്യഘടകമല്ല. പുരുഷന്മാർക്കുവേണ്ടിയുള്ള ബഹുഭൂരിപക്ഷം സമർപ്പിതസമൂഹങ്ങളിലും വൈദികരാണ് അംഗങ്ങളിൽ ഏറെയും എന്നതിനാൽ സന്യാസികൾ വൈദികരായിരിക്കണമെന്നുള്ള ചിന്ത സഭാംഗങ്ങളുടെ ഇടയിലുണ്ട്. എന്തോ കുറവുണ്ടെന്ന മട്ടിൽ ചിന്തിക്കുന്നവരുമുണ്ട്. സമർപ്പിതജീവിതത്തിൽ എല്ലാ സന്യസ്തരും വൈദികരും അവൈദികരും തുല്യരാണെന്ന ചിന്ത നിലനിർത്തിക്കൊണ്ട് വൈദികരെപ്പോലും സഹോദരൻ എന്നുമാത്രം വിശേഷിപ്പിക്കുന്ന പതിവാണ് ഫ്രാൻസിസ്കൻ സന്യാസസമൂഹങ്ങൾക്കുള്ളത്. അവയിൽ പലരും അവൈദികരായ തങ്ങളുടെ സമൂഹാംഗങ്ങളെ ഉന്നതാധികാരികളായും തെരഞ്ഞെടുക്കാറുണ്ട്. കപ്പൂച്ചിൻ സഭയിലും ഫ്രാൻസിസ്കൻ മൂന്നാംസഭയിലും അപ്രകാരമുള്ള സഹോദരന്മാർ Minister General മാരായി പ്രവർത്തിക്കുന്നുണ്ട്. അവൈദികരായ സന്യാസസഹോദരന്മാർ വൈദികരായ സന്യസ്തരെപ്പോലെ തന്നെ കർത്താവായ ഈശോമിശിഹായെ തീവ്രമായി അനുകരിക്കുകയും തങ്ങളുടെ ജീവിതങ്ങളെ സ്നേഹസാക്ഷ്യമായി സമർപ്പിക്കുകയും ചെയ്യുന്നവരാണ്. പൗരോഹിത്യവരം ഇല്ലാത്ത അവർ വിശുദ്ധ കുർബാനയും മറ്റു കൂദാശകളും പരികർമ്മം ചെയ്യുന്നില്ല. അജപാലകരായ വൈദികരോടും സമർപ്പിതരായ സന്യാസിനികളോടും അല്മായ ജനത്തോടും സഹകരിച്ച് അജപാലനപ്രവർത്തനങ്ങളിലും പ്രേഷിതപ്രവർത്തനങ്ങളിലും വ്യാപൃതരാകുന്നവരാണ് നമ്മുടെ സഭയിലെ സമർപ്പിതരായ അവൈദിക സഹോ

ദരന്മാർ.

സീറോമലബാർസഭ സമർപ്പിതദൈവവിളിയുടെ ഏറ്റവും വളക്കൂറുള്ള മണ്ണായി അറിയപ്പെട്ടിരുന്നു. നമ്മുടെ സഭയിൽനിന്ന് സമർപ്പിതദൈവവിളി സ്വീകരിച്ച ഏകദേശം അയ്യായിരത്തോളം സന്യാസവൈദികരും മുപ്പത്തിമൂവായിരത്തോളം സന്യാസിനികളും നൂറ്റിഎഴുപതോളം സന്യാസസഹോദരന്മാരും ഇപ്പോഴുണ്ട്. എന്നാൽ അടുത്തകാലങ്ങളിൽ നമുക്ക് സമർപ്പിതദൈവവിളിയിൽ കാര്യമായ വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ട്. കുടുംബമാണ് എല്ലാ വിളികളിലേക്കുമുള്ള മക്കളെ രൂപപ്പെടുത്തുന്നത്. കുടുംബം നേരിടുന്ന ഏത് പ്രതിസന്ധികളും ദൈവവിളികളെ സ്വാധീനിക്കും. കുട്ടികളുടെ എണ്ണത്തിൽ വന്നിരിക്കുന്ന ഭീതിതമായ കുറവ് കണ്ടില്ലെന്ന് നടിക്കരുത്. ചിലപ്പോഴെങ്കിലും സോഷ്യൽ മീഡിയകളിലും കുടുംബസദസ്സുകളിലും  സമർപ്പിതരെ അകാരണമായി പരിഹസിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നതും സമർപ്പിതദൈവവിളി സ്വീകരിക്കുന്നവരുടെ എണ്ണം കുറയുന്നതിനു കാരണമാകുന്നു.

വൈദികരും വിശ്വാസപരിശീലകരും സമർപ്പിതജീവിതത്തിന്റെ സവിശേഷതകൾ വിശ്വാസസമൂഹത്തെ പൊതുവായും കുഞ്ഞുങ്ങളെ പ്രത്യേകമായും പഠിപ്പിക്കുകയും ദൈവവിളികൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. മാതാപിതാക്കൾ മക്കളെ ക്രിസ്തീയ പുണ്യങ്ങളിൽ വളർത്തിക്കൊണ്ട് അവരിൽ സമർപ്പിത ജീവിതത്തിലേക്കുള്ള വിളി പരിപോഷിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. അതുപോലെ സമർപ്പിതർക്ക് തങ്ങളുടെ ജീവിത മാതൃകവഴി മറ്റുള്ളവരെ സമർപ്പിത ജീവിതത്തിലേക്ക് ആകർഷിക്കാനും സാധിക്കണം.

രണ്ടാം വത്തിക്കാൻകൗൺസിൽ ആഹ്വാനം ചെയ്യുന്നതുപോലെ സ്ഥിരവും വിനീതവുമായ വിശ്വസ്തതയോടെ ദൈവത്തിന് അർപ്പിതമായ ജീവിതം നയിക്കുകയും ക്രിസ്തുവിന്റെ മണവാട്ടിയായ തിരുസഭയ്ക്ക് അലങ്കാരമെന്നവണ്ണം വിരാജിക്കുകയും ചെയ്തുകൊണ്ട് ആശ്രമങ്ങൾ, വിദ്യാലയങ്ങൾ, മിഷൻരംഗങ്ങൾ എന്നിവിടങ്ങളിൽ സകലജനതയെയും വിവിധതരത്തിൽ ഉദാരമായി സേവിക്കുന്ന എല്ലാ സ്ത്രീപുരുഷൻമാരെയും സഹോദരീസഹോദരൻമാരെയും സന്യാസിനിസന്യാസികളെ യും നമുക്കു

പ്രോത്സാഹിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്യാം (തിരുസഭ 46). സമർപ്പിതവർഷത്തിൽ സന്യസ്തരായ നമ്മുടെ സഹോദരീസഹോദരന്മാരുടെ ശുശ്രൂഷകളോടൊപ്പം സഭാമക്കൾ എല്ലാവരുടെയും ശുശ്രൂഷകൾ നവീകരിക്കപ്പെടുവാൻ ഇടയാകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2014-ാം ആണ്ട് നവംബർ മാസം 23 -ാം തിയതി നൽകപ്പെട്ടത്.

Prot. No. 3036/2014

## സർക്കുലർ

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

'പ്രേഷിതയായിരിക്കുക' എന്നത് തിരുസഭയുടെ ദൈവവിളിയാണ്. മാമ്മോദീസായിലൂടെ ദൈവദാനമായി സ്വീകരിച്ചിരിക്കുന്ന ഈ ദൈവവിളി എല്ലാവരുമായി പങ്കുവയ്ക്കുവാൻ ഓരോ ക്രൈസ്തവനും കടപ്പെട്ടവനാണ്. 'ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം!' (1കോറി 9:16) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഇവിടെ അർത്ഥവത്താണ്. മിശിഹായിലൂടെ ലഭിച്ച പ്രേഷിതദൗത്യത്തെക്കുറിച്ച് ബോധ്യമുണ്ടായിരുന്ന ശ്ലീഹന്മാർ പ്രഘോഷണം, ജീവിതസാക്ഷ്യം എന്നിവ വഴി അത് നിർവഹിച്ചു. അതുപോലെ ആദിമക്രൈസ്തവസമൂഹവും ഒരു ഹൃദയവും ഒരാത്മാവുമായി വർത്തിച്ചുകൊണ്ട് തങ്ങളുടെ വിളി അതിന്റെ പൂർണ്ണതയിൽ ജീവിക്കുകയും അനേകരെ സഭാകൂട്ടായ്മയിലേക്ക് ആകർഷിക്കുകയും ചെയ്തു. ഇപ്രകാരം സഭ ലോകത്തിന്റെ നാനാഭാഗങ്ങളിലും പടർന്നുപന്തലിച്ചു.

ഈശോമിശിഹാ സഭയെ ഭരമേല്പിച്ച പ്രേഷിതദൗത്യത്തിന്റെ അനുസ്മരണവും ആഘോഷവുമാണ് ആഗോള കത്തോലിക്കാസഭ ഒക്ടോബർ മാസത്തിലെ 'മിഷൻ സൺഡേ' ആചരണത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഈ ആചരണം വിജയകരമാക്കുവാൻ സഭാമക്കൾ നൽകുന്ന സഹകരണം പ്രശംസനീയമാണ്. കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ ഒരു വ്യക്തി സഭയായ സീറോമലബാർ സഭയ്ക്ക് മിഷൻ രൂപതകളും, മിഷൻ പ്രദേശങ്ങളുമുണ്ടല്ലോ. പ്രസ്തുത മിഷൻപ്രവർത്തനങ്ങളിൽ പങ്കുചേരേണ്ടത് നമ്മുടെ

പ്രത്യേകമായ ഉത്തരവാദിത്വമാണെന്ന് സീറോ മലബാർ ബിഷപ്സ് സിനഡ് വലിയിരുത്തുകയും, സഭയുടെ മിഷൻ പ്രവർത്തനങ്ങളെ ശാക്തീകരിക്കുന്നതിനുവേണ്ടി ദനഹാ തിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച 'സീറോ മലബാർ മിഷൻ സൺഡേ'യായി ആചരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. വർഷംതോറും നടത്തിവരുന്ന ഈ 'സീറോ മലബാർ മിഷൻ സൺഡേ' കൂടുതൽ ഉപകാരപ്രദവും, അർത്ഥപൂർണ്ണവുമായ രീതിയിൽ ആചരിക്കേണ്ടതിന്റെ ആവശ്യകത 2014 ഓഗസ്റ്റിൽ കൂടിയ സിനഡ് ചർച്ച ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം മുതൽ ചെറുപുഷ്പ മിഷൻലീഗ്, സി.എൽ.സി, ജീസസ്സ് യൂത്ത് എന്നീ സംഘടനകളുടെ പ്രത്യേക സഹകരണത്തോടെയായിരിക്കും 'സീറോ മലബാർ മിഷൻ സൺഡേ' ആഘോഷിക്കുക. 2015–ൽ ജനുവരി 11 ഞായറാഴ്ചയാണ് 'സീറോ മലബാർ മിഷൻ സൺഡേ'യായി ആചരിക്കുന്നത്.

ഇത് സംബന്ധിച്ചുള്ള സർക്കുലർ, പ്രാർത്ഥനാ കാർഡുകൾ, വാൾപോസ്റ്ററുകൾ, കുടുംബങ്ങൾക്കും സ്ഥാപനങ്ങൾക്കും നൽകുവാനുള്ള കവറുകൾ, എന്നിവ മുൻകൂട്ടി അയയ്ക്കുന്നതാണ്. 'സീറോ മലബാർ മിഷൻ സൺഡേ'യെക്കുറിച്ചുള്ള അവബോധം സഭാമക്കളിൽ എത്തിക്കുവാൻ ഭക്തസംഘടനകൾ പ്രത്യേകം പരിശ്രമിക്കേണ്ടതാണ്. 'മിഷൻ സൺഡേ'യോടനുബന്ധിച്ചുള്ള വി. കുർബാനയിൽ മിഷനറിമാരുടെ പ്രേഷിതാനുഭവങ്ങൾ പങ്കുവയ്ക്കാനുള്ള അവസരങ്ങൾ ഒരുക്കുന്നത് നന്നായിരിക്കും. അതുപോലെ, വിശ്വാസികളിൽ പ്രേഷിതാവബോധം വളർത്തുവാനുതകുന്ന കർമ്മപരിപാടികൾ ഇടവക, ഫൊറോനാ തലങ്ങളിൽ ആസൂത്രണം ചെയ്യുന്നതും ഫലപ്രദമായിരിക്കും. കുടുംബ കൂട്ടായ്മകളിലും, മതബോധന ക്ലാസ്സുകളിലും സീറോ മലബാർ സഭ മിഷൻ പ്രദേശങ്ങളിൽ നല്കിവരുന്ന ത്യാഗോജ്ജ്വലമായ സേവനങ്ങളെകുറിച്ച് ചർച്ചചെയ്യുന്നതിനും, മിഷൻ ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്നതിനും, മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുവേണ്ടി ധനം സമാഹരിക്കുന്നതിനുള്ള അവസരമായിക്കൂടി 'സീറോ മലബാർ മിഷൻ സൺഡേ' ആചരണം പ്രയോജനപ്പെടുത്തേണ്ടതാണ്.

'ജറുസലെമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെ നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കും' (അപ്പ. 1:8) എന്ന ദിവ്യഗുരുവിന്റെ ആഹ്വാനം പത്രോസ്, പൗലോസ് ശ്ലീഹന്മാർ റോമായിലും, തോമാശ്ലീഹാ ഭാരതത്തിലും, ഇതര ശിഷ്യന്മാർ ലോകത്തിന്റെ മറ്റുഭാഗങ്ങളിലും നിർവഹിച്ചു. മാർ തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്താൽ  രൂപംകൊണ്ട മാർതോമാ ക്രിസ്ത്യാനികളുടെ സഭാപാരമ്പര്യത്തിൽ നിലനിന്നുപോരുന്നതാണ് സീറോ മലബാർ സഭ. തോമാശ്ലീഹായുടെ പ്രേഷിതതീക്ഷ്ണതയാണ് നമ്മുടെ മിഷൻപ്രവർത്തനങ്ങളെ എന്നും പ്രചോദിപ്പിക്കുകയും, ശക്തിപ്പെടുത്തുകയും ചെയ്യുന്നത്.

ഭാരതത്തിന്റെ സുവിശേഷവത്ക്കരണത്തിലും സാർവ്വത്രികസഭയുടെ പ്രേഷിത മുന്നേറ്റത്തിലും നമ്മുടെ സഭയുടെ സംഭാവനകൾ വളരെ വലുതാണ്. ആഗോള സഭയ്ക്ക് അനേകം മിഷനറിമാരെ പ്രദാനംചെയ്യുവാൻ നമ്മുടെ സഭയ്ക്ക് സാധിച്ചതിൽ കാരുണ്യവാനായ ദൈവത്തിനു കൃതഞ്ജതയർപ്പിക്കാം. മാർ തോമാശ്ലീഹാ  പകർന്നുനൽകിയ പ്രേഷിതചൈതന്യം സ്വജീവിതത്തിൽ പ്രാവർത്തികമാക്കി നമുക്കു മുമ്പേ കടന്നുപോയ മിഷനറിമാരെ നന്ദിയോടെ ഓർമ്മിക്കാം.

'പ്രേഷിതതീക്ഷ്ണത  ഇല്ലാത്ത സഭ, കർത്താവിന്റെ ശാപം ഏറ്റുവാങ്ങിയ കായ്ക്കാത്ത അത്തിമരത്തെപ്പോലെയാണെന്നാണ്' പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപ്പാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നത്. പ്രേഷിതചൈതന്യമില്ലാത്ത സഭ ജീവനില്ലാത്ത സഭയാണ്. സഭയുടെ ജീവന്റെ അടയാളം അതിന്റെ പ്രേഷിതോന്മുഖതയാണ് (EN.14). അതുകൊണ്ടുതന്നെ സുവിശേഷവത്ക്കരണം സഭാമക്കളുടെ കൂട്ടുത്തരവാദിത്വവും അവകാശവും കടമയുമാണ്. സഭയുടെ കാനോനിക പ്രബോധനങ്ങളിൽ സുവിശേഷവത്ക്കരണം എല്ലാ സഭാവിശ്വാസികളുടെയും  ഉത്തരവാദിത്വമാണെന്ന് പറയുന്നുണ്ടെങ്കിലും ഈ ഉത്തരവാദിത്വം പലപ്പോഴും അജപാലകരായ വൈദികരുടെയും മിഷൻരംഗത്ത് സേവനം ചെയ്യുന്ന ഏതാനും മിഷനറിമാരുടെയും മാത്രം ചുമതലയായി പരിഗണിക്കുന്നത് തെറ്റായ പ്രവണതയാണ്. പ്രാർത്ഥനകൊണ്ടും, പരിത്യാഗംകൊണ്ടും, ആളുകൊണ്ടും, അർത്ഥംകൊണ്ടും എല്ലാ സഭാത

നയരും പ്രേഷിതപ്രവർത്തനത്തിൽ കൂട്ടുപങ്കാളികൾ ആകേണ്ടതാണ്. ഈ പങ്കാളിത്തപരമായുള്ള കൂട്ടുത്തരവാദിത്വം അല്മായർ വ്യക്തിഗതമായും സംഘാതമായും പരിപ്പോഷിപ്പിക്കേണ്ടതാണ് (മിഷൻ പോളസി 1,5,7,9, സീറോ മലബാർ സഭയുടെ പ്രേഷിതപ്രവർത്തന മാർഗ്ഗരേഖ).

മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സുവിശേഷപ്രഘോഷണത്തിന് വ്യത്യസ്തങ്ങളായ സമീപനങ്ങളും, രീതികളും അവലംബിക്കുവാൻ നമുക്ക് സാധിക്കണം. ആധുനിക സമ്പർക്കമാധ്യമങ്ങൾ ഉപയോഗിച്ച് അൽമായരുടെ പങ്കാളിത്തത്തോടെ സഭ മിഷൻ രംഗത്ത് മുന്നേറ്റം നടത്തേണ്ടതാണ്. അല്മായർ സഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ സജീവമാകുന്നത് മിഷൻപ്രദേശങ്ങളുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് ഉപകരിക്കും.

സഭ സ്വഭാവത്താലെ പ്രേഷിതയാണെങ്കിൽ, ക്രിസ്തീയ കുടുംബവും അതിന്റെ ക്രിസ്തീയ സ്വഭാവത്താൽ തന്നെ പ്രേഷിതയാണ് (മിഷൻ പോളിസി 7:6). വിശ്വാസപരിശീലനത്തിന്റെയും അനുദിനസാക്ഷ്യത്തിന്റെയും കേന്ദ്രം കുടുംബമാകയാൽ, മാതാപിതാക്കളുടെ മാതൃകാപരമായ ജീവിതം, കുടുംബപ്രാർത്ഥന എന്നിവയിലൂടെ കുടുംബങ്ങൾ സുവിശേഷവത്ക്കരിക്കപ്പെടണം. മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിക്കുവാനും, കുടുംബത്തിൽ മിഷൻ ദൈവവിളികൾ പ്രോത്സാഹിപ്പിക്കുവാനും മാതാപിതാക്കൾക്ക് സാധിക്കണം.

സീറോ മലബാർ സഭയുടെ പ്രേഷിതാഭിമുഖ്യം കൂടുതൽ വളർത്തുവാനും വിശ്വാസികളുടെ സജീവമായ പങ്കാളിത്തത്തിലൂടെ മിഷനറി ദൈവവിളികളെ പ്രോത്സാഹിപ്പിക്കുവാനും, വൈദിക, സന്ന്യാസ പരിശീലനത്തിൽ സഭാമക്കളുടെ സാമ്പത്തിക സഹായം ലഭ്യമാക്കുവാനും മിഷൻഫണ്ട് സമാഹരണം കൂടുതൽ കാര്യക്ഷമമായി നടത്തുവാനുമുള്ള ക്രിയാത്മകപദ്ധതികൾ സഭയിൽ തുടങ്ങേണ്ടതാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് നമ്മുടെ സഭ'സീറോ മലബാർ മിഷൻ സൺഡേ' ആചരിക്കുക. കൂടാതെ, 2011–ൽ മ്മുടെ സഭ 'മിഷൻ വർഷം'

ആചരിച്ചപ്പോൾ എ. എസ്. എസ്. എം. (Association of Supporters of Syro-Malabar Mission) എന്ന അസോസ്സിയേഷന് സീറോ മലബാർ സഭയിലെ മെത്രാന്മാരുടെ സിനഡ് രൂപംകൊടുക്കുകയും ചെയ്തു. നമ്മുടെ മിഷൻ രൂപതകളെയും, മിഷൻ പ്രദേശങ്ങളെയും സാമ്പത്തികമായി സഹായിക്കുക എന്നതാണ് ഈ അസോസ്സിയേഷന്റെ പ്രധാന ലക്ഷ്യം. ഈ അസോസ്സിയേഷൻ നമ്മുടെ ഇടവകകളും, വ്യക്തികളും, സന്ന്യാസ സമൂഹങ്ങളും, സ്ഥാപനങ്ങളും നൽകിയ സംഭാവനകൾ ഉപയോഗിച്ച് ഏകദേശം ഒന്നേമുക്കാൽ കോടി രൂപ സമാഹരിച്ചു. ഈ ഫണ്ട് വിവിധ മിഷൻ രൂപതകളിലെയും, മിഷൻ പ്രദേശങ്ങളിലെയും പ്രേഷിതപ്രവർത്തനങ്ങൾക്കായി വിതരണം ചെയ്യുകയും ചെയ്തു.

'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' (മർക്കോസ് 16:15) എന്ന ഈശോയുടെ ദിവ്യാഹ്വാനം ആധുനിക കാലഘട്ടത്തിന്റെ വെല്ലുവിളികളുടെ നടുവിൽ ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കാൻ ഏവർക്കും സാധിക്കട്ടെയെന്ന് ഞാൻ പ്രത്യാശിക്കുന്നു. പ്രവാസികളായി കഴിയുന്ന സഭാംഗങ്ങളുടെ അജപാലന ആവശ്യങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിന് ഇന്ത്യയിൽ അപ്പസ്തോലിക്ക് വിസിറ്റേറ്ററായി നിയമിതനായിരിക്കുന്ന അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെയും, വിദേശ രാജ്യങ്ങളിലെ നമ്മുടെ സഭാമക്കളുടെ അജപാലന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകുന്ന അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വടക്കേൽ പിതാവിന്റെയും ഉദ്യമങ്ങൾ ഫലമണിയട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. 'അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം' എന്നു പറഞ്ഞ നമ്മുടെ അപ്പസ്തോലനായ തോമാശ്ലീഹായുടെ വാക്കുകൾ നമ്മുടെ പ്രേഷിതതീക്ഷ്ണതയെ ജ്വലിപ്പിക്കട്ടെ. സഭയുടെ മിഷൻപ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേർന്നുകൊണ്ട് ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാൻ മാർ തോമാശ്ലീഹായുടെ മാദ്ധ്യസ്ഥ്യം നമുക്ക് സഹായകമാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2014–ാം മാണ്ട് നവംബർ മാസം 24–ാം തീയതി നൽകപ്പെട്ടത്.

---

N.B: 1. 2015 ജനുവരി 4–ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.

2. 'സീറോ മലബാർ മിഷൻ സൺഡേ' കവറിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന എ.എസ്.എസ്.എം. ഓഫീസിൽ 2015 ഫെബ്രുവരി 28–ന് മുമ്പായി എത്തിക്കേണ്ടതാണ്. പ്രസ്തുത ഫണ്ട് സീറോ മലബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതാണ്.

# രൂപതാകച്ചേരി വാർത്തകൾ

**Appointments:**

| | |
|---|---|
| Rev. Fr. Allumpuram Francis | : Judicial Vicar |
| Rev. Fr. Vellaramkalayil Thomas (Tino) | : Asst. Vicar, St. Antony's Church, Iduvally; Director, ICYM and Vocation Promoter (Mob: 8861051048/ 9986580535) |

### ഭദ്രാവതി രൂപതാ കോടതിയുടെ സ്ഥാപനം

ഭദ്രാവതി രൂപതാ കോടതിയുടെ സ്ഥാപനവും, രൂപതാകോടതിയുടെ നടപടിക്രമങ്ങൾ വിശദീകരിച്ചു കൊണ്ട് ബഹു. വൈദികർക്കായി നടത്തിയ സെമിനാറും 2014 ഡിസംബർ 19–ാം തിയതി ഭദ്രാവതി ബിഷപ്സ് ഹൗസിൽ നടത്തപ്പെട്ടു. രാവിലെ 10 മണിക്ക് സെമിനാർ ആരംഭിച്ചു. വെരി റവ. ഫാ. ജോസ് വെട്ടിക്കൽ എല്ലാവരെയും പ്രത്യേകിച്ച് സെമിനാറിനു ക്ലാസ്സു നൽകാൻ എത്തിച്ചേർന്ന മേജർ ആർക്കിഎപ്പിസ്കോപ്പൽ കോടതിയുടെ പ്രസിഡന്റ് വെരി റവ. ഫാ. ഡോ. ജോസ് ചിറമേലിനെയും സ്വാഗതം ചെയ്തു. ആമുസന്ദേശത്തിൽ അഭിവന്ദ്യ പിതാവ് രൂപതാ കോടതിയുടെ സ്ഥാപനത്തിന്റെ ആവശ്യകതയെയും, ഇപ്രകാരമൊരു സെമിനാറിന്റെ പ്രസക്തിയെയും കുറിച്ച് സംസാരിച്ചു. തുടർന്ന് 12.30 വരെ രണ്ടു ക്ലാസുകളിലായി ചിറമേലച്ചൻ രൂപതാകോടതിയുടെ നടപടിക്രമങ്ങളും, ഇതുവഴിയായി നിർവ്വഹിക്കപ്പെടേണ്ട നീതിനിർവഹണ ശുശ്രൂഷയെപ്പറ്റിയും വിശദീകരിച്ചു. ഉച്ചഭക്ഷണത്തിനു ശേഷം ഒരു മണിക്കൂർ സമയം സംശയനിവാരണത്തിനും, വിശദീകരണത്തിനുമായി ചിലവഴിച്ചു. ഭദ്രാവതി രൂപതാ കോടതി സ്ഥാപിച്ചുകൊണ്ടുള്ള പിതാവിന്റെ ഡിക്രി രൂപതാ ചാൻസിലർ ഫാ. ഫ്രാൻസീസ് അള്ളുംപുറം വായിച്ചു. മേജർ ആർക്കി എപ്പിസ്കോപ്പൽ കോടതിയുടെ പ്രസിഡന്റിന്റെയും, രൂപതാ വികാരി ജനറാളിന്റെയും, രൂപതയിൽ സേവനം ചെയ്യുന്ന ബഹു. വൈദികരുടെയും സാന്നിദ്ധ്യത്തിൽ അഭിവന്ദ്യപിതാവ് ദീപം തെളിച്ച്

രൂപതാ കോടതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. ഫ്രാൻസീസ് അള്ളുംപുറത്തിനെ രൂപതാ ജുഡീഷ്യൽ വികാരിയായി നിയമിച്ചതായി പിതാവ് അറിയിച്ചു.

## രൂപതാദിനം 2014

ഭദ്രാവതിരൂപതാ സ്ഥാപനത്തിന്റെ ഏഴാം വാർഷികാഘോഷവും, രൂപതാസ്ഥാപനത്തിന്റെ ദശവാർഷികാഘോഷങ്ങളുടെ ഉദ്ഘാടനവും 2014 ഒക്ടോബർ 25–ന് ഷിമോഗ സെ. ജോസഫ് ഫൊറോന ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 09.30–ന് ആരംഭിച്ച വി. കുർബ്ബാനയുടെ ആരാധനയിലും തുടർന്ന് അഭിവന്ദ്യ പിതാവിന്റെ കാർമ്മികത്വത്തിൽ നടത്തപ്പെട്ട വി. കുർബ്ബാനയിലും ദൈവം നൽകിയ വലിയ അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞു. ഭദ്രാവതി ഡി.എസ്.എച്ച്.ജെ സിസ്റ്റേഴ്സ് വി. കുർബ്ബാനയുടെ ആരാധനക്കു നേതൃത്വം നൽകി. രൂപതയിലെ ബഹു. വൈദികർ അഭിവന്ദ്യപിതാവിനോട് ചേർന്ന് വി. ബലിയിൽ സഹകാർമ്മികരായി.

തുടർന്നു നടന്ന പൊതുസമ്മേളനം ഹൊസ്സൂർ (ഇൻഡുവള്ളി) ഇടവകയിൽനിന്നുള്ള സുമന, മെറിൻ എന്നിവരുടെ പ്രാർത്ഥനാനൃത്തത്തോടെ ആരംഭിച്ചു. രൂപതാ വികാരി ജനറാൾ റവ. ഫാ. ജോസ് വെട്ടിക്കൽ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. അഭിവന്ദ്യ അരുമചാടത്തു പിതാവ് രൂപതാദിനത്തിന്റെ ആശംസകൾ നേർന്നു സംസാരിച്ചു. രൂപതയുടെ സ്ഥാപനത്തിന്റെ മൂന്നു വർഷങ്ങൾ നീണ്ടു നിൽക്കുന്ന ദശവാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം പിതാവ് നിർവ്വഹിച്ചു. ഷിമോഗ രൂപതയുടെ മെത്രാൻ അഭിവന്ദ്യ ഫ്രാൻസീസ് സെരാങ്ങ പിതാവ് വിശിഷ്ടാഥിതിയായിരുന്നു. ചടങ്ങിൽ പിതാവിനെ അനുമോദിക്കുകയും പൊന്നാടയും തലപ്പാവും അണിയിച്ചും, ഫലമൂലാധികൾ നൽകിയും ആദരിച്ചു. രൂപതക്കായി പൗരോഹിത്യം സ്വീകരിച്ച നവ വൈദികരായ ബഹുമാനപ്പെട്ട സജി മണേലിൽ, ആന്റണി ഓടക്കൽ, അബ്രാഹം അരീപറംബിൽ എന്നിവരെ അനുമോദിച്ചു. ജൂബിലി ആഘോഷിക്കുന്നവരെയും, രൂപതാതലത്തിൽ നേട്ടങ്ങൾ കൈവരിച്ചവരെയും അഭിവന്ദ്യപിതാവ് ആദരിച്ചു. പാസ്റ്ററൽ കൗൺസിൽ ജോ. സെക്രട്ടറി ശ്രീ ജോമി മാത്യുവും, ശ്രീമതി ടെസ്സി ജെയിംസും രൂപതാദി

നത്തിന്റെ ആശംസകൾ നേർന്നും, ജൂബിലി ആഘോഷിക്കുന്നവർക്കും, വിവിധതരത്തിൽ നേട്ടങ്ങൾ കരസ്ഥമാകിയവരെ അനുമോദിച്ചും സംസാരിച്ചു. സി. ഡെയിസി ഡി.എസ്.എച്ച്.ജെ യുടെ സംഗീതവും എൻ.ആർ.പുര ഇടവകയിലെ കുഞ്ഞുമക്കളുടെ സംഘനൃത്തവും യോഗത്തിന് ഈണവും താളവും പകർന്നു. ഫാ. ഫ്രാൻസീസ് അള്ളുംപുറം എല്ലാവർക്കും നന്ദി പറഞ്ഞു. ഉച്ചഭക്ഷണത്തിനു ശേഷം എല്ലാവരും പി രിഞ്ഞു.

**2014 രൂപതാദിനത്തിൽ ആദരിക്കപ്പെട്ടവർ:**

1. **JUBILARIANS:**

**Silver Jubilee of Priestly Ordination** : Rev. Fr. Francis Allumpurath, O.Praem

**Silver Jubilee of Religious Profession** : Rev. Sr. Mercitta CMC
: Rev. Sr. Tresa John CMC
: Rev. Sr. Anceline CMC
: Rev. Sr. Elsa Maria CMC
: Rev. Sr. Rosebell SABS
: Rev. Sr. Grace SH
: Rev. Sr. Pauline Paul SH

**50th Wedding Anniversary** : Mr. Devasikutty and Mrs. Mary Chakkiyathumooda (N.R.Pura)

: Mr. Varghese and Mrs. Mary Palackal (Masthikatte)

: Mr. Thomas and Mrs. Annamma Vettermuriyil (Nagavally)

: Mr. Antony and

Mrs. Rosy Kattookaran (Shimoga)

**25 Years in Catechetical Ministry** : Rev. Sr. Lilly Thomas SH
: Rev. Sr. Tresa Thayyil SH

2. **NEW PRIESTS OF THE DIOCESE**

: Rev. Fr. Saji Manelil
: Rev. Fr. Antony Odackal
: Rev. Fr. Abraham Areeparambil

**3. WINNERS:**

**i) Family Bible Quiz** : 1st – Mr. Joseph Chekkathadathil & Family (Shettikoppa)

: 2nd – Mr. Varghese Veliyath & Family (Umblebylu)

**ii) Logos**
(Diocesan Winners) : 1st – Mrs. Lilly Vincent (Shimoga)

: 2nd – Mrs. Lincy Jose Nellissery (Makkod)

: 2nd – Sr. Lincy Jose SH (Holehonnur)

**iii) Catechism Scholarships** : 7th Std. – Preethi John Kolamkanny (Shimoga)

: 10th Std. – Jesmy (N.R.Pura)

: 12th Std. – Josna Jose (N.R.Pura)

**iv) Best Sunday School** : St. Thomas Church Sunday School, Gorigandi

**v) SSLC**

(Highest Mark) : Divya Varghese Puthusserry (N.R.Pura)

**vi) Mathrujyothi**
**Winners** : 1st – Mrs. Tessy James (Ripponpett)
: 2nd – Mrs. Anu John Podipara (Shimoga)
: 3rd – Mrs. Lissy Joy (Koppa)

**വൈദികധ്യാനം**

രൂപതയിൽ സേവനം ചെയ്യുന്ന ബഹു. വൈദികരുടെ വാർഷികധ്യാനം 2014 നവംബർ 23 മുതൽ 27 വരെ തിയതികളിൽ ഷിമോഗ ചൈതന്യയിൽ വച്ച് നടത്തപ്പെട്ടു.റവ. ഫാ. ജോസ് വെട്ടിക്കാട്ട് ഒ.എഫ്.എം. ധ്യാനചിന്തകൾ നൽകി.

**വൈദികസമ്മേളനം**

ഭദ്രാവതി രൂപതാ വൈദികസമ്മേളനം 2014 നവംബർ 27–ന് 4 മണിക്ക് അഭിവന്ദ്യപിതാവിന്റെ അദ്ധ്യക്ഷതയിൽ ഭദ്രാവതി ബിഷപ്പ്സ് ഹൗസിൽ നടത്തപ്പെട്ടു. പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. വികാരി ജനറാൾ വെരി റവ. ഫാ. ജോസ് വെട്ടിക്കൽ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. ഫാ. ഫ്രാൻസീസ് അള്ളുംപുറം കഴിഞ്ഞ യോഗത്തിന്റെ മിനിറ്റ്സ് അവതരിപ്പിച്ചു.

വി. കുർബ്ബാനയിലെ അനുസ്മരണാഗീതത്തിൽ മാർ യൗസേപ്പിനെ അനുസ്മരിക്കാനുള്ള സിനഡൽ തീരുമാനം അറിയിച്ചു. സമർപ്പിതവർഷത്തിന്റെ രൂപതാതല ഉദ്ഘാടനം 2014 നവംബർ 29–നും, ഇടവകാതല ഉദ്ഘാടനം നവംബർ 30–നും നടത്തണമെന്ന് അറിയിച്ചു. സമർപ്പിതവർഷ ആചരണത്തിന്റെ ഭാഗമായുള്ള സമർപ്പിതസംഗമം 2015 മെയ് 16–ന് രൂപതാതലത്തിലും, മെയ് 17–ന് ഇടവകകളിലും നടത്താൻ തീരുമാനമായി.

ദശവാർഷികാഘോഷ പരിപാടികളുടെ കർമ്മപദ്ധിതിയുടെ ഭാഗമായ വാർഡുപ്രാർത്ഥനകൾക്കുള്ള സഹായി തയ്യാറാക്കാനായി ജേക്കബ് ആക്കനത്ത് എം.സി.ബി.എസ്, തോമസ് കുളത്തിങ്കൽ, അജേഷ് പായിക്കാട്ട്,

വിനോദ് ചെന്നക്കാട്ടുകുന്നേൽ, അബ്രാഹം അരീപറമ്പിൽ എന്നീ വൈദികരെ പിതാവ് നിയോഗിച്ചു.

പാസ്റ്ററൽ സെന്ററിന്റെ നിർമ്മാണപ്രവർത്തനങ്ങളെക്കുറിച്ചും, നിർമ്മാണം നേരിട്ട് നടത്താൻ തീരുമാനിച്ച സാഹചര്യങ്ങളും വിശദീകരിച്ചു.

അഭിവന്ദ്യ ആർച്ച്ബിഷപ് മാർ ജോർജ്ജ് ഞരളക്കാട്ടു പിതാവിന് 2015 ജനുവരി 25–ന് കത്തീഡ്രൽ ദേവാലയത്തിൽ രൂപത ഔദ്യോഗികസ്വീകരണം നൽകുന്നതാണെന്നും തദവസരത്തിൽ എല്ലാ ബഹു. വൈദികരുടെയും സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നതായും അറിയിച്ചു.

നവവൈദികനായ അബ്രാഹം അരീപറമ്പിലിന് ആശംസകൾ നേർന്നു. തോമസ് വെള്ളാരംകാലയിലിൽ 2014 നവംബർ 6–ന് പൗരോഹിത്യം സ്വീകരിച്ചതായും, ഡീക്കൻ സെബാസ്റ്റ്യൻ 2015 ജനുവരി 27–ന് തിരുപ്പട്ടം സ്വീകരിക്കുന്നതായും അറിയിച്ചു. രൂപതാ യുവജനപ്രേഷിതത്വത്തിന്റെ ഡിറക്ടറായി സേവനം ചെയ്ത് സ്ഥലം മാറിയിരിക്കുന്ന ഫ്രാൻസീസ് കുളത്തിങ്കലച്ചനെ നന്ദിയോടെ അനുസ്മരിച്ചു. തുടർന്ന് രൂപതാ ചാൻസിലർ ഫാ. ഫ്രാൻസീസ് അള്ളുംപുറത്തിന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷത്തിന്റെ ഭാഗമായി വി. ബലിയർപ്പണത്തിനും, സ്നേഹവിരുന്നിനുമായി യോഗം പിരിഞ്ഞു.

**സമർപ്പിതവർഷം**

സമർപ്പിതവർഷത്തിന്റെ രൂപതാതല ഉദ്ഘാടനം 2014 നവംബർ 29–ന് ഭദ്രാവതി ബിഷപ്സ് ഹൗസിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 10.30 പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിലേക്ക് വെരി റവ. ഫാ. ജോസ് വെട്ടിക്കൽ എല്ലാവരെയും സ്വാഗതം ചെയ്തു. അഭിവന്ദ്യ പിതാവ് നിലവിളക്ക് കത്തിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. പരി. പിതാവ് പഠിപ്പിക്കുന്നതുപോലെ ഈശോയെ അടുത്തനുകരിക്കുന്ന സമർപ്പണജീവിതം നയിക്കുന്നവർ സുവിശേഷത്തിന്റെ സന്തോഷം അനുഭവിക്കുന്നവരാകണം എന്ന് പിതാവ് ഉദ്ഘാടനപ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. തുടർന്ന് സമർപ്പിതവർഷത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദീ

കരിച്ചും, സമർപ്പണജീവിതത്തിൽ അവശ്യം ഉണ്ടായിരിക്കേണ്ട മനോഭാവങ്ങൾ വ്യക്തമാക്കിയും റവ. ഫാ. തോമസ് എടയാൽ എം.സി.ബി.എസ് ക്ലാസ്സെടുത്തു. ക്ലാസിന്റെ വെളിച്ചത്തിൽ സമർപ്പണജീവിതത്തെക്കുറിച്ചും, സമർപ്പിതവർഷാചരണത്തെക്കുരിച്ചും മൂന്നു ഗ്രൂപ്പുകളിലായി ചർച്ചയും തുടർന്ന് റിപ്പോർട്ടവതരണവും നടന്നു. ഉച്ചഭക്ഷണത്തിനു ശേഷം വി. കുർബാനയുടെ ആരാധന നടത്തി. സി. സോഫിയ ഡി.എസ്.എച്ച്.ജെ ആരാധനക്കു നേതൃത്വം നൽകി. ചായ കുടിച്ച് എല്ലാവരും പിരിഞ്ഞു.

**സമർപ്പിതസംഗമം**

സമർപ്പിതവർഷാചരണത്തിന്റെ ഭാഗമായുള്ള സമർപ്പിതസംഗമം 2015 മെയ് 16, 17 തിയതികളിൽ യഥാക്രമം രൂപതാതലത്തിലും, ഇടവകാതലത്തിലും നടത്തപ്പെടുന്നു. ബഹു. വികാരിയച്ചന്മാർ ഈ വിവരം ഇടവകകളിൽ അറിയിക്കണമെന്നും, അതത് ഇടവകകളിൽ നിന്നുള്ള എല്ലാ സമർപ്പിതരെയും ഇതിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

**സി.ആർ.ഐ ഭദ്രാവതി**

ഭദ്രാവതി സി.ആർ.ഐയുടെ പുതിയ ഭാരവാഹികളായി താഴെ പറയുന്നവരെ 2014 നവംബർ 29–ന് സമർപ്പിതവർഷത്തിന്റെ രൂപതാതല ഉദ്ഘാടനവേളയിൽ തിരഞ്ഞെടുത്തു.

| | |
|---|---|
| President | : Fr. Benny Alavelil, MCBS |
| Vice President | : Sr. Roselin, SABS |
| Secretary | : Sr. Anice Mypan, SH |
| Councilors | : Fr. George Kalambukattu, CMI |
| | : Sr. Flowerlet, CMC |

**പ്രത്യേക പിരിവുകൾ**

1) സീറോമലബാർ മിഷൻഞായർ : 2015 ജനുവരി 11

2) തിരുബാലസഖ്യദിനം : 2015 ഫെബ്രുവരി 08

**ഫാ. ഫ്രാൻസീസ് അള്ളുംപുറം**
രൂപതാചാൻസിലർ

## മതബോധനം-ബൈബിൾ

രൂപതാ മതബോധനകേന്ദ്രത്തിൽ നിന്നും ആശംസകൾ. നമ്മുടെ എല്ലാ ഇടവകകളിലും വിശ്വാസപരിശീലനം ഭംഗിയായി നടന്നുകൊണ്ടിരിക്കുന്നതിൽ എല്ലാവർക്കും അഭിനന്ദനങ്ങൾ!

### മതബോധന സന്ദർശനം

രൂപതയിലെ മതബോധന സ്കൂളുകൾ കോർടീം അംഗങ്ങൾ സന്ദർശിച്ചു കഴിഞ്ഞു. എല്ലാം ചിട്ടയായും ഭംഗിയായും ക്രമീകരിച്ച വികരിയച്ചന്മാർക്കും, മതാദ്ധ്യാപകർക്കും അനുമോദനങ്ങൾ.

### ബൈബിൾ ഫെസ്റ്റ് 2014

2014 ഒക്ടോബർ 11–ന് രൂപതാതലത്തിൽ നടന്ന ബൈബിൾ കലോത്സവത്തിൽ നമ്മുടെ മൂന്ന് ഫൊറോനകളിൽ നിന്നുമായി ഫൊറോന തലത്തിൽ സമ്മാനർഹരായ ഏകദേശം 70 കുട്ടികൾ വിവിധ ഇനങ്ങളിലുള്ള മത്സരങ്ങളിൽ പങ്കെടുത്തു. തികച്ചും തിരുവചനാധിഷ്ഠിതമായ മത്സരങ്ങൾ, കുട്ടികളുടെ സർഗചേതനയെ ഉണർത്തിയതോടൊപ്പം വചനപഠനത്തിന്റെ പ്രായോഗികതയ്ക്കും ഉപകാരപ്രദമായിരുന്നു. എൻ.ആർ.പുര ഫൊറോന ഓവർ ഓൾ കിരീടം നേടി ഒന്നാം സ്ഥാനത്തിനർഹരായി. റിപ്പൺപേട്ട്, ഷിമോഗ ഫൊറോനകൾ യഥാക്രമം രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടി. മതബോധന ഡിറക്ടർ ഫാ. ബിജോഷ് ശൗര്യാംതടം ഏകോപിപ്പിച്ച മത്സരങ്ങളിൽ രൂപതാ കോർടീം അംഗങ്ങൾ എല്ലാവരും പങ്കെടുത്തു. വിജയികൾക്കെല്ലാം വികാരി ജനറാൾ വെരി റവ. ഫാ. ജോസ് വെട്ടിക്കൽ ആകർഷകമായ സമ്മാനങ്ങൾ വിതരണം ചെയ്തു. സമ്മാനർഹരായവർക്കെല്ലാം അഭിനന്ദനങ്ങൾ നേരുന്നതോടൊപ്പം അവരെ ഒരുക്കുകയും പറഞ്ഞയക്കുകയും

ചെയ്ത മാതാപിതാക്കന്മാർക്കും, മതാദ്ധ്യാപകർക്കും, വികാരിയച്ച ന്മാർക്കും മതബോധനകേന്ദ്രത്തിന്റെ ആശംസകളും, അനുമോദനങ്ങളും.

**പ്രധാനദ്ധ്യാപകരുടെയും**
**കോർ ടീം അംഗങ്ങളുടെയും സംയുക്ത യോഗം**

2015 ജനുവരി 10–ാം തിയതി ശനിയാഴ്ച ഉച്ച്തിരിഞ്ഞ് 2.30–ന് പ്രധാനദ്ധ്യാപകരുടെയും കോർ ടീം അംഗങ്ങളുടെയും സംയുക്ത യോഗം ഭദ്രവതി ബിഷപ്സ് ഹൗസിൽ നടത്തപ്പെടുന്നു. പ്രസ്തുത യോഗത്തിൽ എല്ലാവരെയും പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാരുടെ സഹകരണം അഭ്യർത്ഥിക്കുന്നു.

**വാർഷിക പരീക്ഷാചോദ്യപേപ്പർ**

വാർഷിക പരീക്ഷക്കുള്ള ചോദ്യപേപ്പറുകൾ രൂപതയിൽ നിന്നും സമയത്തുതന്നെ എത്തിച്ചുതരുന്നതായിരിക്കും. പ്രസ്തുത പരീക്ഷാ നടത്തിപ്പിലേക്ക് വിവിധ ക്ലാസുകളിലെ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിനായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന മതബോധന സ്കൂളുകൾ അവരവരുടെ ചോദ്യപേപ്പറുകൾ കൃത്യമായി, വ്യക്തതയോടെ പ്രിന്റ് മറ്റായി പ്രധാനാദ്ധ്യാപകരുടെയും, കോർ ടീം അംഗങ്ങളുടെയും യോഗത്തിനു വരുമ്പോൾ (2015 ജനുവരി 10) മതബോധനകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

**തിരുന്നാളുകളും, ആഘോഷങ്ങളും**

നമ്മുടെ കർത്താവായ ഈശോമിശിഹായുടെ ജനനതിരുന്നാളിന്റെയും, നാമകരണ തിരുന്നാളിന്റെയും, ദനഹാ, ദൈവമാതൃത്വതിരുനാൾ എന്നിവയും, വി. ചാവറ കുര്യാക്കോസ് ഏലിയാസ്, വി. എവുപ്രാസിയാമ്മ, വി. സെബസ്ത്യാനോസ്, വി. ജോൺ ബോസ്കോ, എന്നിവരുടെ തിരുന്നാളുകളും, ഈശോയുടെ വളർത്തുപിതാവ് മാർ യൗസേപ്പിന്റെ മരണതിരുന്നാളും സമുചിതമായി ആഘോഷിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

**ഓർമിക്കേണ്ടവ**

| | | |
|---|---|---|
| 2015 February 16 | : | Ash Monday |
| 2015 February 22 | : | Annual Exam |
| 2015 March 01 | : | Annual Exam Result |
| 2015 March 08 | : | Scholarship Exam for 07th, 10th, 12th standard students at 02.00pm in St. Joseph's Church, Shimoga. |

രൂപതാമതബോധന കേന്ദ്രത്തെ പ്രത്യക്ഷമായോ പരോക്ഷമായോ പ്രോത്സാഹിപ്പിക്കുന്ന ഓരോരുത്തർക്കും വൈദീക–സന്യസ്ഥ–അൽമായ പ്രേഷിതർക്കും, മതാദ്ധ്യാപകർക്കും, പ്രിയ കുട്ടികൾക്കും സമാധാനത്തിന്റെയും, സന്തോഷത്തിന്റെയും, ഐശ്വര്യത്തിന്റേതുമായ ക്രിസ്തുമസ്–പുതുവത്സരാശംസകൾ.

**ഫാ. ബിജോഷ് ശൗര്യാംതടം**
രൂപതാ ഡിറക്ടർ, മതബോധനം–ബൈബിൾ

## യുവജനപ്രേഷിതത്വം

